ഹോർട്ടികോർപ്പിന്റെ പ്രവർത്തനം

261 (1233) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഹോർട്ടികോർപ്പിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) തനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കാൻ ഹോർട്ടികോർപ്പ് ചെയ്യുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(സി) തനീച്ച കർഷക സൊസൈറ്റികൾക്ക് ഹോർട്ടികോർപ്പ് അഫിലിയേഷൻ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(ഡി) കണ്ണൂർ ജില്ലയിൽ നിന്നു ഹോർട്ടികോർപ്പിൽ അഫിലിയേഷൻ ലഭിക്കാൻ അപേക്ഷകൾ ഏതെങ്കിലും ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ അപേക്ഷകളാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പച്ചക്കറികളുടെ വില ക്രമാതീതമായി ഉയരുന്ന സാഹചര്യത്തിൽ ഹോർട്ടികോർപ്പ് വിപണി ഇടപെടൽ നടത്തുന്നു. സബ്സിഡി നിരക്കിൽ പച്ചക്കറികൾ വിതരണം നടത്തുകയും പച്ചക്കറി കിറ്റുകൾ വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. അതിന്റെ ഫലമായി കമ്പോളത്തിൽ പച്ചക്കറികളുടെ വില പിടിച്ചുനിർത്താൻ ഹോർട്ടികോർപ്പിന് സാധിച്ചിട്ടുണ്ട്. സംഭരണം ശക്തിപ്പെടുത്തുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

ഹരിത വിപണനം പദ്ധതി

1. ഹോർട്ടികോർപ്പിന്റെ നിലവിലുള്ള പ്രാദേശിക സംഭരണ കേന്ദ്രങ്ങളിലും സബ്സെന്ററുകളിലും നേരിട്ട് എത്തുന്ന പച്ചക്കറികളും പഴവർഗ്ഗങ്ങളും ന്യായമായ വില കൊടുത്ത് സംഭരിക്കുന്നുണ്ട്.

2. വി.എഫ്.പി.സി.കെ.-യുടെ സ്വാശ്രയവിപണിയിൽ എത്തുന്ന കർഷകരുടെ ഉല്പന്നങ്ങളും സംഭരിക്കുന്നുണ്ട്.

3. കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കാർഷിക മൊത്ത വ്യാപാര വിപണികളിൽ (നെടുമങ്ങാട്, ആനയറ, മൂവാറ്റുപുഴ, മരട്, ബത്തേരി, വേങ്ങേരി) എത്തുന്ന കർഷകരുടെ ഉല്പന്നങ്ങൾ പ്രത്യേകം ഹോർട്ടികോർപ്പ് നേരിട്ട് സംഭരിക്കുന്നതിനുള്ള നടപടികൾ നടത്തിക്കഴിഞ്ഞു. ഈ അടുത്ത കാലത്ത് തുറന്നു പ്രവർത്തനം ആരംഭിച്ച മേൽപ്പറഞ്ഞ വിപണികളിൽപ്പെടുന്ന മൂവാറ്റുപുഴ, വേങ്ങേരി, ബത്തേരി മാർക്കറ്റുകളിൽ എല്ലാ ആഴ്ചയിലും ലേലത്തിൽ പങ്കെടുത്ത് ഉല്പന്നങ്ങൾ സംഭരിച്ച് തുടങ്ങി. ഗുണമേന്മയേറിയ നാടൻ പച്ചക്കറികളും ഫലവർഗ്ഗ

LIBRARY ARCHIVES Kerala Legislative Assembly

തൈകളും കൃഷിഭവൻ വഴി വിതരണം ചെയ്തുവരുന്നു. തേനീച്ച വളർത്തൽ പ്രോത്സാഹന പദ്ധതി 14 ജില്ലകളിലും നടപ്പിലാക്കി വരുന്നു. അതിന്റെ ഭാഗമായി സംസ്ഥാനത്തെ കർഷകർക്ക് സൗജന്യമായി തേനീച്ച വളർത്തൽ പരിശീലനം നൽകുകയും പരിശീലനം ലഭിച്ച ഗുണഭോക്താക്കൾക്ക് 50% സബ്സിഡി നിരക്കിൽ തേനീച്ച കോളനികളും അനുബന്ധ ഉപകരണങ്ങളും വിതരണം നടത്തിവരികയും ചെയ്യുന്നു.

(ബി) സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ വഴി ലഭിക്കുന്ന ഫണ്ട് ഉപയോഗിച്ച് "DBICP" പദ്ധതി പ്രകാരം കേരളത്തിലെ 14 ജില്ലകളിലും കർഷകർ ആവശ്യപ്പെടുന്നതനുസരിച്ച് സൗജന്യമായി മൂന്ന് ദിവസത്തെ പരിശീലനവും 50% സബ്സിഡി നിരക്കിൽ സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് തേനീച്ചകോളനികളും കൂടുകളും വിതരണം നടത്തുകയും ചെയ്തു വരുന്നു. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് തേനീച്ച വളർത്തൽ പദ്ധതി സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പരിഗണിച്ച് നടപ്പിലാക്കുന്നു. കർഷകരിൽ നിന്നും സംഭരിക്കുന്ന തേൻ സംസ്കരിച്ച് വിപണനം നടത്തിവരുന്നു.

(സി) തേനീച്ചകർഷക സൊസൈറ്റികളെ സംയോജിപ്പിച്ചുകൊണ്ട് അപ്പക്സ് തലത്തിലുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭനടപടികൾ തുടങ്ങിയിട്ടേയുള്ളൂ. നാഷണൽ ഹോർട്ടികൾച്ചർ മിഷൻ നിർദ്ദേശിച്ച മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ച് സംസ്ഥാന തലത്തിലുള്ള ടെക്നിക്കൽ ടീം പരിശോധന നടത്തി ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഗുണനിലവാരമുള്ള തനീച്ച കോളനികൾ വിതരണം ചെയ്യാനായി മാവേലിക്കര ബീകീപ്പിംഗ് കൺസോർഷ്യം കൂടാതെ 10 ബീ ബ്രീഡർമാരെ അംഗീകരിച്ചിട്ടുണ്ട്. ബീ ബ്രീഡർഷിപ്പ് നൽകുന്നതിന് നാഷണൽ ഹോർട്ടികൾച്ചർ മിഷന്റെ (എൻ.എച്ച്.എം.) മാർഗ്ഗ നിർദ്ദേശമനുസരിച്ച് ബീ ബ്രീഡർമാർ ഗുണനിലവാരമുള്ള രോഗവിമുക്തമായ മാതൃകോളനികൾ പരിപാലിച്ചുകൊണ്ട് പോകേണ്ടതും ഹോർട്ടികോർപ്പ് നിർദ്ദേശിച്ചതനുസരിച്ച് ഒരു വർഷം 3000 കോളനിയിൽ കുറയാതെ തേനീച്ച കോളനികൾ വിതരണം ചെയ്യുവാൻ കഴിവുള്ളവരായിരിക്കണം. അവർ തേനീച്ച കർഷകരെയും പ്രോത്സാഹിപ്പിക്കേണ്ടതാണ്.

(ഡി) കണ്ണൂർ ജില്ലയിൽ നിന്ന് ബീ ബ്രീഡർഷിപ്പിനുവേണ്ടി താഴെ പറയുന്ന രണ്ട് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അവ പരിഗണനയിലാണ്:

1. Kerala Agro Farm & Beekeeping Society, Iritty, Reg. No. 49/2009.
2. Society for Agricultural and Integrated Development (SAID), Payyannoor, Kadavanadu - 670306. S-59/2007.

LIBRARY ARCHIVES Kerala Legislative Assembly